**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4299** **18-03-2025 - ൽ മറുപടിയ്ക്ക്**

**സംരംഭക സഹായ പദ്ധതിയിലേക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭക സഹായ പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം എത്ര കോടി രൂപ വകയിരുത്തി എന്ന് വ്യക്തമാക്കാമോ; | (എ) | സംരംഭക സഹായ പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റ് പുന:ക്രമീകരണത്തിനു ശേഷം 29.25 കോടി രൂപ വകയിരുത്തിയിരുന്നു. |
| (ബി) | സംരംഭക സഹായ പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | സംരംഭക സഹായ പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം 13/03/2025 തീയതി വരെ 28,48,80,880 രൂപ (97.7%) ചെലവഴിച്ചിട്ടുണ്ട്. |
| (സി) | സംരംഭക സഹായ പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം എത്ര സംരംഭകർക്ക് സഹായം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | സംരംഭക സഹായ പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം 585 സംരംഭകർക്ക് സഹായം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | സംരംഭക സഹായ പദ്ധതിയുടെ ഭാഗമായി നിലവിൽ പാസായിട്ടും പണം നൽകാൻ സാധിക്കാത്ത അപേക്ഷകൾ എത്രയാണ് എന്ന് വ്യക്തമാക്കാമോ; | (ഡി) | 10/03/2025 തീയതി വരെ ജില്ലാ തല കമ്മിറ്റി പരിശോധിച്ച് അംഗീകാരം നൽകിയ അപേക്ഷകളിൽ 1245 അപേക്ഷകൾക്ക് 111,57,58,000/-(നൂറ്റി പതിനൊന്ന് കോടി അൻപത്തിയേഴ് ലക്ഷത്തി അൻപത്തിയെണ്ണായിരം രൂപ മാത്രം) വിതരണം ചെയ്യാനുണ്ട്. |
| (ഇ) | സംരംഭക സഹായ പദ്ധതിക്കായി 2023 -24 സാമ്പത്തിക വർഷം എത്ര കോടി രൂപ കുടിശ്ശികയായിരുന്നു എന്നും 2024-25 സാമ്പത്തിക വർഷം ഇത് കൊടുത്തു തീർത്തോ എന്നും വ്യക്തമാക്കാമോ? | (ഇ) | സംരംഭക സഹായ പദ്ധതിക്കായി 2023 -24 സാമ്പത്തിക വർഷം 73,65,98,299/-രൂപ കുടിശ്ശികയായിരുന്നു. ടി കുടിശിക തുകയിൽ 2024-25 സാമ്പത്തിക വർഷം 24,73,58,080/- രൂപ നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ